ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധീനതയിലുള്ള ഈ ഹോസ്റ്റൽ സൗകര്യപ്രദമായ ഒരു കെട്ടിടത്തിലേക്ക് മാറ്റാൻ മുനിസിപ്പാലിറ്റി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) ഈ ഹോസ്റ്റലിൽ 5 ജീവനക്കാരുണ്ട്. 1999-2000-ൽ ഇവിടെ 30 അന്തേവാസികൾ ഉണ്ടായിരുന്നു. സൗകര്യപ്രദമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിന് ചില ജീവനക്കാരെ മാറ്റി പകരം നല്ല സേവനം കാഴ്ചവച്ചവരെ നിയമിച്ചിട്ടുണ്ട്. വാർഡൻ നിർബന്ധമായും ഹോസ്റ്റലിൽ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ ഈ ഹോസ്റ്റലിന്റെ നടത്തിപ്പിനായി പ്രതിവർഷം 5 ലക്ഷം രൂപ ചെലവാകുന്നുണ്ട്. ഈ ഹോസ്റ്റലിന്റെ ചുമതല വാർഡനും മേൽനോട്ടം പറവൂർ മുനിസിപ്പാലിറ്റിയ്ക്കും പറവൂർ താലൂക്ക് പട്ടികജാതി വികസന ആഫീസർക്കുമാണ്. മുനിസിപ്പൽ അധികൃതരും, ജില്ലാ പട്ടികജാതി ആഫീസറും, താലൂക്ക് പട്ടികജാതി വികസന ആഫീസറും ഹോസ്റ്റൽ പ്രവർത്തനം പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഹരിജൻ കോളനി കൺവീനറുടെ നിവേദനം

7 (155) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക - പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അരിക്കുളം പഞ്ചായത്ത് 9-ാം വാർഡിൽ വിവിധ ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തുരുത്തിക്കുന്ന് ഹരിജൻ കോളനി കൺവീനർ ഗവൺമെന്റിന് നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അരിക്കുളം ഗ്രാമപഞ്ചായത്തിലെ 'തുരുത്തിക്കുന്ന് ഹരിജൻ കോളനി ഇറിഗേഷൻ' എന്ന പദ്ധതി പന്തളായനി ബ്ലോക്കിന്റെ 1998-1999 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1,16,650 രൂപ ചെലവഴിച്ച് 1999-2000 വർഷത്തിൽ ഈ പദ്ധതിയിൽ പണി നടത്തിയിട്ടുണ്ട്. തുരുത്തിക്കുന്ന് കോളനിയിൽ ശുദ്ധജലവിതരണത്തിനായി 2000-2001 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പന്തളായനി ബ്ലോക്ക് പഞ്ചായത്ത് ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly